# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5062** **15.11.2019 ൽ മറുപടിയ്ക്ക്**

**നാളികേര ഉല്പാദനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രതിവർഷം ഹെക്ടറിന് എത്രയാണ് എന്നറിയിക്കാമോ; | എ) | സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച റിപ്പോർട്ട് പ്രകാരം 2017-18-ലെ സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രതിവർഷം ഹെക്ടറിന് 6878 നാളികേരമാണ്. |
| ബി) | മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഇത് എത്രയാണെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ അത് നൽകാമോ; | ബി) | നാളികേര വികസന ബോർഡിന്റെ 2017-18 ലെ കണക്കുകൾ പ്രകാരം തമിഴ്നാട് ഹെക്ടറിന് 13637 നാളികേരം, കർണ്ണാടകം- 12102 നാളികേരം, ആന്ധ്രാപ്രദേശ്- 14038 നാളികേരം എന്നിങ്ങനെയാണ്. |
| സി) | സംസ്ഥാനത്തെ നാളികേര ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | സി) | തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കൃഷി പരിപാലനം, ഇടവിള കൃഷി, സമ്മിശ്ര കൃഷി എന്നിവ നടത്തി ആദായം പരമാവധി വർദ്ധിപ്പിക്കുന്നതിനും, ശാസ്ത്രീയ പരിപാലനമുറകളിലൂടെയും രോഗ-കീട നിയന്ത്രണങ്ങളിലൂടെയും നാളികേര ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ കൃഷി വകുപ്പ് നടപ്പാക്കി വരുന്നു.<br>തേങ്ങയുടെ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തൈകൾ പ്രത്യേകിച്ച് ഉയരം കുറഞ്ഞതും സങ്കരയിനത്തിലുമുള്ളവ നടുക, സംയോജിത വളപ്രയോഗം, തെങ്ങിൻ തോപ്പുകളിൽ ഇടവിള കൃഷി, ജലസേചന സൗകര്യങ്ങൾ ഒരുക്കൽ, ഗുണമേൻമയുള്ള തൈകൾ ലഭ്യമാക്കുക, നാളികേരത്തിൽ നിന്നുള്ള മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ പ്രോൽസാഹനം എന്നിവ ലക്ഷ്യമിട്ട് |

കേരഗ്രാമം പദ്ധതി നടപ്പാക്കി വരുന്നു.

സംസ്ഥാനത്ത് ഉയരം കൂടിയ തെങ്ങിനങ്ങളുടെ കൃഷി ക്രമേണ കുറച്ചുകൊണ്ടുവരുന്നത് ലക്ഷ്യമിട്ട് ഉല്പാദനക്ഷമത ഇല്ലാത്തതും പ്രായം ചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി കരിക്കിനും കൊപ്രയ്ക്കും അനുയോജ്യമായ കുറിയ ഇനം, പൊക്കം കുറഞ്ഞയിനം തെങ്ങുകൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും പ്രോൽസാഹനം നൽകിവരുന്നു.

നാളികേര കൃഷിയിലെ വിവിധ പ്രശ്നങ്ങൾ അപഗ്രഥിച്ച് പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായി കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് 2017-18 വർഷം മുതൽ കൃഷി വകുപ്പ് പ്രോജക്ടുകൾ നടപ്പിലാക്കിവരുന്നുണ്ട്. ഗവേഷണ ഫലങ്ങൾ കർഷകരിലേയ്ക്ക് എത്തിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നാളികേര വികസനത്തിനായി സംയോജിത കീട-രോഗ നിയന്ത്രണ പരിപാടികൾ സംഘടിപ്പിച്ച് പ്രധാന കീട-രോഗങ്ങളെ പ്രതിരോധിക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ക്യാമ്പയിനുകൾ നടപ്പാക്കി വരുന്നു.

കേര കൃഷിയുടെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിന് വേണ്ടി കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പ് വരുത്തുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന കാഴ്ച്ചപ്പാടോടു കൂടി മിഷൻ മോഡ് മാതൃകയിൽ കൃഷി വകുപ്പ് മന്ത്രി ചെയർമാനായി സംസ്ഥാനതല ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി, ജില്ലാതല കൗൺസിൽ എന്ന ഘടനയിൽ നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. വാർഡുതല ക്ലസ്റ്ററുകൾ, പഞ്ചായത്ത് തല കേര സമിതികൾ, ബ്ലോക്ക് തല ഫെഡറേഷനുകൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങു കൃഷി വ്യാപിപ്പിക്കുവാനും നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളിൽ ഉൽപ്പാദന ക്ഷമത ഇല്ലാത്തതും പ്രായംചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻതൈകൾ 3 ലക്ഷം ഹെക്ടർ സ്ഥലത്ത്

നട്ടുപിടിപ്പിക്കുന്നതിനും തെങ്ങിന്റെ ഉൽപ്പാദന ക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽ നിന്നും 8500 നാളികേരമായി ഉയർത്തുവാനും ലക്ഷ്യമിടുന്നു.

കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, നാളികേര ഉൽപ്പാദക സൊസൈറ്റി/കമ്പനികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തെങ്ങിൻ തൈ ഉൽപ്പാദക കേന്ദ്രങ്ങളിലെ ഉൽപ്പാദനം വർദ്ധിപ്പിച്ചും ശാസ്ത്രീയ വിത്ത് തേങ്ങ സംഭരണം വിപുലപ്പെടുത്തിയും വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേൻമയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.നെടിയ ഇനം, കുറിയ ഇനം, സങ്കര ഇനം എന്നിവ 60:20:20 അനുപാതത്തിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. 10 വർഷം കൊണ്ട് ഇപ്രകാരം രണ്ട് കോടി തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. വിളവെടുപ്പിന് കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി നാളികേര കൃഷിയ്ക്ക് പ്രാമുഖ്യമുള്ള പഞ്ചായത്തുകളിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകുന്നതിനും കേര കർമ്മസേനകൾ രൂപീകരിക്കുന്നതിനും നിലവിലുള്ള കാർഷിക കർമ്മസേന അഗ്രോസർവ്വീസ് സെന്റർ എന്നിവയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംയോജിത കീടരോഗ നിയന്ത്രണ പരിപാടികൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടത്തി വരുന്നു. 2019-20 സാമ്പത്തിക വർഷം സമഗ്ര നാളികേര വികസനത്തിനായി 1900 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നാളികേര വികസന കൗൺസിലിന്റെ "കേരകേരളം സമൃദ്ധ കേരളം" എന്ന പദ്ധതി പ്രകാരം ഗുണമേൻമയുള്ളതും അത്യുൽപ്പാദന ശേഷിയുള്ളതുമായ തെങ്ങിൻ തൈകളുടെ വിതരണം നടക്കുന്നുണ്ട്.

കേര ഗ്രാമങ്ങളായി തെരഞ്ഞെടുക്കപ്പെട്ട 300 പഞ്ചായത്തുകളും കേരഗ്രാമങ്ങളില്ലാത്ത നിയോജക മണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത 200 പഞ്ചായത്തുകളും ഉൾപ്പെടെ 500 പഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും വാർഡ് ഒന്നിന് 75 തെങ്ങിൻ തൈകൾ എന്ന നിരക്കിൽ കർഷകർക്ക് 50% സബ്സിഡിയോടു കൂടി തെങ്ങിൻ തൈകൾ

വിതരണം ചെയ്ത് വരുന്നു.

കോൾ നിലങ്ങളിലെ ബണ്ടുകളിൽ 3-4 മാസം പ്രായമുള്ള 15326 തെങ്ങിൻ തൈകൾ സൗജന്യമായി വച്ചു പിടിപ്പിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

ഡി) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനായി എത്ര തുകയാണ് മുടക്കിയത്; 2009-ൽ നാളികേര ഉല്പാദനക്ഷമത ഹെക്ടറിന് എത്രയായിരുന്നു; നിലവിൽ അത് എത്രയാണ്; വിശദമാക്കാമോ?

ഡി) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി മുടക്കിയ തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| **വർഷം** | **മുടക്കിയ തുക (ലക്ഷത്തിൽ)** |
|---|---|
| 2009-10 | 3506.12 |
| 2010-11 | 5956.97 |
| 2011-12 | 9413.23 |
| 2012-13 | 11242.20 |
| 2013-14 | 7821.68 |
| 2014-15 | 3372.56 |
| 2015-16 | 3657.98 |
| 2016-17 | 3803.77 |
| 2017-18 | 4128.74 |
| 2018-19 | 3897.03 |

2008-2009 വർഷം സംസ്ഥാനത്ത് നാളികേര ഉല്പാദനക്ഷമത ഹെക്ടറിന് 7365 നാളികേരവും 2009-10 വർഷം ഹെക്ടറിന് 7278 നാളികേരവുമായിരുന്നു. 2017-18 ലെ പ്രസിദ്ധപ്പെടുത്തിയ കണക്കുകൾ പ്രകാരം അത് ഹെക്ടറിന് 6878 നാളികേരമാണ്.

**സെക്ഷൻ ഓഫീസർ**